പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1567 — 04.12. 2015-ൽ മറുപടിക്ക്

## അമൃത് പദ്ധതി

**ചോദ്യം**

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ. എം. ഉമ്മർ
ശ്രീ. പി.ബി.അബ്ദുൾ റസാക്
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ കുടി വെള്ള വിതരണം, മാലിന്യ ഓടകളുടെ ശൃംഖല, മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം, പൊതുഗതാഗത സൗകര്യങ്ങൾ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസനം എന്നിവ നടപ്പാക്കുകയാണ് അമൃത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം . നഗരസഭകളുടെ കാര്യക്ഷമത വർദ്ധി പ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാന പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതി അടങ്കലിന്റെ 30% ത്തിൽ കുറയാത്ത സംസ്ഥാന പങ്കാളിത്തമാണ് അമൃത് പദ്ധതി യിൽ വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം 20% ആണ്. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്വീകരി ച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി അമൃത് മിഷൻ മാർഗ്ഗനിർദ്ദേശപ്രകാരം കേരളത്തിലെ തെരഞ്ഞെ ടുക്കപ്പെട്ട 9 നഗരങ്ങളുടെ സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാനുകളും, അവ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു സ്റ്റേറ്റ് ആന്വൽ ആക്ഷൻപ്ലാനും തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് സമർപ്പി ക്കുകയും, പ്രസ്തുത സ്റ്റേറ്റ് ആന്വൽ ആക്ഷൻപ്ലാൻ പ്രകാരമുള്ള 587.98 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രസർക്കാർ ഇതിനകം അംഗീകാരം നല്കുകയും ചെയ്തിട്ടു ണ്ട്. പദ്ധതിയുടെ സംസ്ഥാനതല മിഷൻ ഡയറക്ടറായി തദ്ദേശസ്വയംഭരണ നഗരകാര്യ വകുപ്പ് സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഹനീഷ് ഐഎഎസിനേയും , നോഡൽ ആഫീസറായി കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടറായ ശ്രീമതി ആർ.ഗിരിജ ഐഎഎസിനേയും ചുമത ലപ്പെടുത്തിയിട്ടുണ്ട്. അമൃത് നഗരങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതല മിഷൻ മാനേജ്മെന്റ് യൂണിറ്റും, നഗരതല മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും ഇതിനകം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ